(ബി) കേന്ദ്രസർക്കാരിന്റെ കീഴിലുള്ള സുരക്ഷാ ഏജൻസികൾ നടത്തുന്ന സുരക്ഷാ അവലോകനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ മുൻ കേന്ദ്രമന്ത്രിമാർക്കും എം.പി. മാർക്കും നൽകേണ്ട സുരക്ഷാ കാറ്റഗറി നിശ്ചയിക്കുകയും അതിനനുസൃതമായി സുരക്ഷാഭടൻമാരെ നിയോഗിക്കുകയും ചെയ്യുന്നു. ഇത്തരം സംരക്ഷിതരായ വ്യക്തികൾ സംസ്ഥാനങ്ങൾ സന്ദർശിക്കുന്ന വേളകളിൽ സുരക്ഷ നൽകേണ്ടത് അതത് സംസ്ഥാന സർക്കാരുകളാണ്.

സംസ്ഥാനത്തിലുള്ള മുൻകേന്ദ്രമന്ത്രിമാരുടേയും സുരക്ഷാഭീഷണിയുള്ള എം. പി.-മാരുടെയും സുരക്ഷ, സംസ്ഥാന ആഭ്യന്തരവകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള സെക്യൂരിറ്റി റിവ്യൂ കമ്മിറ്റി അവലോകനം ചെയ്യുകയും സുരക്ഷ നൽകേണ്ടത് സംബന്ധിച്ച അഭിപ്രായങ്ങൾ സർക്കാരിനെ അറിയിക്കുകയും ചെയ്യുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക ഉത്തരവുകളിലൂടെ ഇത്തരം വ്യക്തികൾക്ക് സംരക്ഷണം നൽകുകയാണ് ചെയ്യുന്നത്.

(സി) നിലവിലുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി ആർക്കുംതന്നെ സുരക്ഷാ ഭടൻമാരെ അനുവദിച്ച് കൊടുത്തിട്ടില്ല.

(ഡി) സംസ്ഥാന ആഭ്യന്തരവകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള സെക്യൂരിറ്റി റിവ്യൂ കമ്മിറ്റി, സംരക്ഷിത വ്യക്തികളുടെയും സുരക്ഷാ ഭീഷണി നേരിടുന്ന വ്യക്തികളുടെയും സുരക്ഷ അവലോകനം ചെയ്ത് അത്തരം വ്യക്തികൾക്ക് സുരക്ഷ നൽകേണ്ടത് സംബന്ധിച്ച അഭിപ്രായങ്ങൾ സർക്കാരിനെ അറിയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവുകളിലൂടെ വ്യക്തികൾക്ക് സംരക്ഷണം നൽകുകയുമാണ് ചെയ്തുവരുന്നത്. ജോലിക്ക് ഹാജരാകാതെ ഹാജർ അടയാളപ്പെടുത്തിയതായി ഏതെങ്കിലും സുരക്ഷാഭടനെതിരെ പരാതി സർക്കാരിന് ലഭിച്ചിട്ടില്ല.

നിർഭയ കേരളം സുരക്ഷിത കേരളം

182 (3002) ഡോ. കെ. ടി. ജലീൽ :

ശ്രീമതി കെ. കെ. ലതിക :

ശ്രീമതി കെ. എസ്. സലീഖ :

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർഭയ കേരളം സുരക്ഷിത കേരളം എന്ന പേരിൽ സ്ത്രീകളുടെ സുരക്ഷയ്ക്കായി പ്രത്യേക പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനിടയായ സാഹചര്യം സംസ്ഥാനത്ത് ഇപ്പോൾ എത്രത്തോളം നിലവിലുണ്ട് ; സ്ത്രീകൾ ബസ്സുകളിലും ടെയിനുകളിലും മറ്റ് വാഹനങ്ങളിലും സുരക്ഷിതർ അല്ലെന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതിയുടെ പൈലറ്റ് പ്രോജക്ടിന്റെ പ്രവർത്തനം അവലോകനം ചെയ്യുകയുണ്ടായോ ;

(ഡി) ഇതിനായി രൂപീകരിച്ച കമ്മിറ്റി എത്ര തവണ യോഗം ചേരുക യുണ്ടായി ;

(ഇ) ഇതിന്റെ ഭാഗമായി കേരള പോലീസിൽ രൂപീകരിച്ച വനിതാ ബറ്റാലിയന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) രൂപീകരിച്ചിട്ടുണ്ട്.

(ബി) ബസ്സുകളിലും ടെയിനുകളിലും മറ്റ് വാഹനങ്ങളിലും എല്ലായിടത്തും സ്ത്രീകളുടെ സുരക്ഷയ്ക്കുവേണ്ടി സർക്കാരിന്റെ ഭാഗത്തുനിന്നും എല്ലാവിധ സുരക്ഷാ സംവിധാനങ്ങളും നടപ്പാക്കുന്നുണ്ട്. ആയതിന്റെ ഭാഗമായാണ് നിർഭയ കേരളം സുരക്ഷിത കേരളം പദ്ധതി ആരംഭിച്ചിട്ടുള്ളത്. കൂടാതെ ഇതുസംബന്ധിച്ച ബോധ വൽക്കരണ ക്ലാസ്സുകളും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ പ്രതിരോധിക്കുവാൻ വേണ്ടി വുമൻ സെൽഫ് ഡിഫൻസ് ടെക്നിക്ക് (WSDT)-ൽ ടെയിനിംഗ്രം നൽകി വരുന്നു.

(സി) അവലോകനം ചെയ്തിട്ടുണ്ട്.

(ഡി) 2015-ൽ 5 തവണ യോഗം ചേരുകയുണ്ടായി.

(ഇ) ഇതിന്റെ ഭാഗമായി വനിതാബറ്റാലിയൻ രൂപീകരിച്ചിട്ടില്ല.

ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതി

183 (3003) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ആർ. സെൽവരാജ് :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly